## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1706 — 03.10.2011 ൽ മറുപടിക്ക്**

### പെട്രോൾ വില വർദ്ധന

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ഡി.സതീശൻ :<br>ശ്രീ. വർക്കല കഹാർ :<br>ശ്രീ. വി.പി. സജീന്ദ്രൻ :<br>ശ്രീ. എ.റ്റി. ജോർജ്ജ് : | ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പു മന്ത്രി) |
| (എ) മുൻ ഗവൺമെന്റിന്റെ ഭരണ കാലത്ത് എത്ര പ്രാവശ്യം പെട്രോളിന് വില വർദ്ധിച്ചിട്ടുണ്ട് ; | (എ) മുൻ സർക്കാരിന്റെ ഭരണ കാലത്ത് പെട്രോളിന് 16 തവണയും ഡീസലിന് 10 തവണയും ഇന്ധന വിലയിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |
| (ബി) എത്ര പ്രാവശ്യം വില വർദ്ധനയിൽ നിന്നും ലഭിക്കുന്ന നികുതി വരുമാനം വേണ്ടെന്നുവച്ചിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (ബി) ഒരു പ്രാവശ്യം. പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില 5/6/2008 ൽ കേന്ദ്ര സർക്കാർ പെട്രോളിന് ലിറ്ററിന് 5 രൂപയും, ഡീസലിന് ലിറ്ററിന് 3 രൂപയും എന്ന നിലയിൽ കൂട്ടിയതിനെ തുടർന്ന് ആ തുകയിന്മേൽ ലഭിക്കുമായിരുന്ന അധിക വിൽപന നികുതി സംസ്ഥാന സർക്കാർ വേണ്ടെന്ന് വെയ്ക്കുകയുണ്ടായി. ഇതിനായി പെട്രോളിന്മേൽ നിലവി |

ലുണ്ടായിരുന്ന നികുതി നിരക്ക് 29.01 ശതമാനത്തിൽ നിന്നും 26.03 ശതമാനമായും ഡീസലിന്റേത് 24.69 ശതമാനത്തിൽ നിന്നും 22.49 ശതമാനമായും കുറച്ചു നിശ്ചയിച്ചു. ഈ നികുതി ഇളവുവഴി സംസ്ഥാനത്തിന് പ്രതിമാസം 26.83 കോടി രൂപയുടെ നികുതി നഷ്ടം കണക്കാക്കിയിരുന്നു. എന്നാൽ 7/6/2008 മുതൽ വേണ്ടെന്നുവെച്ച വിൽപന നികുതി 3/2/2009 മുതൽ സംസ്ഥാന സർക്കാർ പെട്രോളിന് 29.01 ശതമാനമായും ഡീസലിന്റേത് 24.69 ശതമാനമായും പുനഃസ്ഥാപിച്ചു.

സെക്ഷൻ ഓഫീസർ